**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 853** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണം ചെറുക്കൽ</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. എൻ. ശക്തൻ | ശ്രീ. ഷിബു ബേബി ജോൺ |
| ശ്രീ. സി. വി. ശാന്തകുമാർ | (വനം, വന്യജീവി - നൈപുണ്യ വികസന |
| ശ്രീ. എം. ആർ. ബൈജു | വകുപ്പ് മന്ത്രി) |

**(എ)** വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട വിള നാശത്തിനടക്കം കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക ഗണ്യമായി വർദ്ധിപ്പിക്കാനും അത് സമയബന്ധിതമായി ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടപരിഹാരം അവസാനമായി പരിഷ്കരിച്ചത് 2015 ലാണ്. ആയത് 100% വർദ്ധിപ്പിക്കുന്നതിനും, അതോടൊപ്പം മരണമടയുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം 25% വർധിപ്പിക്കുന്നതിനും തത്വത്തിൽ തീരുമാനം കൈകൊണ്ടിട്ടുള്ളതാണ്.

**(ബി)** സംസ്ഥാനത്തെ വനാതിർത്തികളിൽ സുരക്ഷാ സംവിധാനവും മൃഗങ്ങളെ ഓടിക്കുന്നതിനു എ.ഐ. ഉപയോഗിച്ചുള്ള ദൃശ്യ-ശ്രവ്യ സംവിധാനങ്ങളും ഒരുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** നിർമ്മിത ബുദ്ധി ഉപയോഗിച്ചുകൊണ്ടുള്ള ത്രിതല സ്മാർട്ട് ഫെൻസിംഗ് സംവിധാനത്തിന്റെ ആദ്യഘട്ടം കോതമംഗലത്തെ മുള്ളരിങ്ങാട് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുണ്ട്. വന്യമൃഗങ്ങൾ ജനവാസമേഖലയിലിറങ്ങാതെ അകറ്റി നിർത്തുന്നതിനും പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും എ.ഐ. അധിഷ്ഠിത **ദൃശ്യ-ശ്രാവ്യ** സംവിധാനവും ഇതിന്റെ ഭാഗമാണ്.

**(സി)** വന്യജീവി ആക്രമണത്തെ ചെറുക്കാൻ ദ്രുതകർമ്മസേനയെ നിയോഗിക്കാൻ പദ്ധതിയുണ്ടോ; കൂടുതൽ ആക്രമണങ്ങൾ ഉണ്ടാകുന്ന പ്രദേശങ്ങളിൽ ദ്രുതകർമ്മസേനയുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ വിവിധ വനം ഡിവിഷനുകളിലായി സുസജ്ജമായ 29 ആർ.ആർ.ടി.കളേയും സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി പുതുതായി 25 ആർ.ആർ.ടി.കളേയും നിയോഗിച്ചിട്ടുള്ളതാണ്. ഇത് കൂടാതെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി സ്പെഷ്യൽ റിസർവ് ഫോഴ്സ്, പ്രൈമറി റെസ്പോൺസ് ടീം, മെട്രോ റെസ്പോൺസ് ടീം എന്നിവയും പ്രവർത്തിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**